"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട്, കാവശ്ശേരി കെ.സി.പി. എച്ച്.എസ്.എസ്. ലെ ഹിന്ദി അധ്യാപികയായ ശ്രീമതി.ധാനിജ.വി. ഫയൽ ചെയ്ത റിട്ട് ഹർജി നം.6435/2025 മേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.651/2026/GEDN തീയതി,തിരുവനന്തപുരം, 23-01-2026

---

പരാമർശം:-

1. പാലക്കാട്, കാവശ്ശേരി കെ.സി.പി. എച്ച്.എസ്.എസ്. ലെ ഹിന്ദി അധ്യാപികയായ ശ്രീമതി.ധാനിജ.വി. സർക്കാരിലേക്ക് സമർപ്പിച്ച 03/02/2025-ലെ റിവിഷൻ ഹർജി.
2. ശ്രീമതി.ധാനിജ.വി ഫയൽ ചെയ്ത WP(C)No6435/2025 നമ്പർ കേസിലെ ബഹു.കേരള ഹൈക്കോടതിയുടെ 18.02.2025 ലെ വിധിന്യായം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25/12/2025-ലെ ഇഎം1/25473/2025/ഡിജിഇ നമ്പർ കത്ത്.
4. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03/01/2026-ലെ DEOPKD/280/2025-B3 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കാവശ്ശേരി കെ.സി.പി. എച്ച്.എസ്.എസ്. ലെ ഹിന്ദി അധ്യാപികയായ ശ്രീമതി. ധാനിജ വി. ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 6435/2025-ന്മേൽ ബഹു. ഹൈക്കോടതിയുടെ 18.02.2025 ലെ വിധിന്യായത്തിൽ Ext. P 10 റിവിഷൻ ഹർജി Ext. P8 , Ext. P9 , Ext. P11 , Ext. P12 എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഹർജിക്കാരിയെ നേരിൽ കേട്ട് വിധിന്യായം കൈപ്പറ്റി 4 മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു. ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെയും മാനേജറുടെയും പ്രതിനിധിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 07.01.2026-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) <u>നേരിൽ കേട്ട വേളയിൽ ഹർജിക്കാരിയും/ മാനേജരും ചുവടെ ചേർക്കുന്ന പ്രകാരം വാദിച്ചു</u>.

പാലക്കാട് ജില്ല കാവശ്ശേരി കെ.സി.പി. ഹയർ സെക്കണ്ടറി സ്കൂൾ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ്.

ii. ശ്രീമതി. ധാനിജ വി എന്നവരെ എൽ.ജി. (ഹിന്ദി) 14.02.2024 തീയതി വിരമിക്കൽ ഒഴിവിൽ

നിയമിച്ചു. മേൽ നിയമനാംഗീകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ടി. ഉത്തരവിനെതിരെ വിദ്യാഭ്യാസ ഉപ ഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിച്ചുവെങ്കിലും ആയത് നിരസിച്ചു.

iii. 2022-23 തസ്തിക നിർണ്ണയ ഉത്തരവിൽ അനുവദിച്ച തസ്തികയിലാണ് ശ്രീമതി. ധാനിജ വി എന്നവരെ നിയമിച്ചിട്ടുള്ളത്. കെ.ഇ.ആർ 14 എ അദ്ധ്യായം 43 ചട്ടം അനുസരിച്ചുള്ള അവകാശി നിലനിൽക്കുന്നു എന്ന് കാരണത്താലാണ് നിയമനാംഗീകാരം നിരസിച്ചത്.

iv. റൂൾ 43 അവകാശിയായ ശ്രീ.എ.രാജേഷ് സ്ഥാനക്കയറ്റം പരിത്യജിച്ച് മാനേജർക്ക് statement of relinquishment നൽകിയിട്ടുള്ളതാണ്. ടിയാളുടെ പരിത്യാഗ പത്രം മാനേജറും ജില്ലാ വിദ്യാഭ്യാസ ഓഫീസറും അംഗീകരിച്ചിട്ടുള്ളതാണ്.

v. ഭിന്നശേഷി നിയമനത്തിന് വേണ്ടുന്ന റോസ്റ്റർ സമന്വയ മുഖേന സമർപ്പിച്ചിട്ടുള്ളതാണ്. കൂടാതെ ഒരു അദ്ധ്യായന വർഷത്തിന്റെ അവസാന ഘട്ടത്തിലാണ് നിയമനം നടത്തിയിട്ടുള്ളത് എന്ന കാരണത്താൽ റഗുലൈർ തസ്തികയിലെ നിയമനം നിരസിക്കുവാൻ പാടുള്ളതല്ലയെന്ന് ബഹു കേരള ഹൈക്കോടതി 6805/2017 & 11702/2010 എന്നീ റിട്ട് ഹർജികളിലെ വിധിന്യായങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ശ്രീ. ധാനിജ വി എന്നവരെ നിയമിച്ചിട്ടുള്ളത് റെഗുലർ തസ്തികയിലാണ്.

vi.മേൽ സാഹചര്യങ്ങളും കോടതി വിധികളും ശ്രീമതി. ധാനിജ വി എന്നവരുടെ 14.02.2024 മുതൽ വിരമിക്കൽ ഒഴിവിൽ എൽ.ജി ഹിന്ദി ആയുള്ള നിയമനം അംഗീകരിച്ച് നൽകുവാൻ ഒരു ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

3) <u>നേരിൽകേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.</u>

കാവശ്ശേരി കെ.സി.പി.എച്ച്.എസ്.എസ്. ലെ ജൂനിയർ ഹിന്ദി അധ്യാപകനായ ശ്രീ. കൃഷ്ണൻ എൻ. 30/06/2023-ന് വിരമിച്ച ഒഴിവിലേക്ക് 14/02/2024 മുതൽ മാനേജർ ശ്രീമതി ധാനിജ വി. യെ ജൂനിയർ ഹിന്ദി അദ്ധ്യാപികയായി നിയമിച്ചു.

i. സർക്കാർ കത്ത് നമ്പർ ജെ.ആർ.1/502/2023/പൊ.വി.വ. തീയതി 01/11/2023 പ്രകാരം ഭിന്നശേഷി സംവരണം പാലിച്ചിട്ടില്ലെങ്കിൽ പോലും 8/11/2021 ന ശേഷം നടത്തിയ നിയമനങ്ങൾ ദിവസവേതന അടിസ്ഥാനത്തിൽ അംഗീകരിക്കാമെന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ ഈ നിയമനം മേൽപ്പറഞ്ഞ സർക്കാർ കത്തിനും ശേഷമാണ് നടത്തിയിരിക്കുന്നത്. ആയതിനാൽ ഈ നിയമനത്തിന് ഭിന്നശേഷി സംവരണ വ്യവസ്ഥകൾ ബാധകമാണ്.

ii. മാനേജർ ഭിന്നശേഷി സംവരണം പാലിക്കുന്നതിന് വേണ്ടി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യുകയും എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും ലഭിച്ച ലിസ്റ്റ് പ്രകാരം ഒരു ഉദ്യോഗാർത്ഥിയെ 27/2/2024 ന് നിയമിക്കുകയും ചെയ്തിട്ടുണ്ട്. നിയമനം നടത്തിയിരിക്കുന്നത് എൽ.ജി ഹിന്ദിയുടെ അധിക തസ്തികയിലാണ്. 2021-22 ന് ശേഷം അനുവദിക്കുന്ന അധിക തസ്തികകളിൽ കെ.ഇ.ആർ അധ്യായം 21 ചട്ടം 7(2) പ്രകാരം 1:1 അനുപാതത്തിൽ സംരക്ഷിത

അധ്യാപകരെ നിയമിക്കേണ്ടതാണ്. എൽ.ജി ഹിന്ദിയുടെ റെഗുലർ തസ്തിക നിലനിൽക്കെ സംരക്ഷിത അധ്യാപകരെ മാത്രം നിയമിക്കേണ്ട അധിക തസ്തികയിൽ ഭിന്നശേഷി സംവരണ നിയമ പ്രകാരം നിയമനം നടത്തുകയും റെഗുലർ തസ്തികയിൽ മാനേജർ സ്വമേധയാ നിയമനം നടത്തുകയും ചെയ്തത് ചട്ടവിരുദ്ധമാണ്.

iii. ഈ സ്കൂളിലെ ക്ലർക്ക് ശ്രീ. എ. രാജേഷ് എൽ.ജി ഹിന്ദി അധ്യാപക തസ്തികയ്ക്ക് യോഗ്യത നേടിയിട്ടുള്ളതായി കാണുന്നു. റൂൾ 43 അവകാശിയെ മറികടന്നാണ് ഈ നിയമനം നടത്തിയിരിക്കുന്നത് തുടങ്ങിയ ന്യൂനതകൾ ചൂണ്ടിക്കാട്ടി ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

iv. ഇതിനെതിരെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ അപ്പീൽ സമർപ്പിച്ചു. എൽ.ജി. ഹിന്ദി യുടെ റഗുലർ തസ്തിക ഭിന്നശേഷി നിയമനത്തിന് ഉണ്ടായിരുന്നിട്ടും അധിക തസ്തികയിൽ ഭിന്നശേഷി ഉദ്യോഗാർത്ഥിയെ നിയമിക്കുകയും റഗുലർ തസ്തികയിൽ മറ്റൊരു നിയമനാർത്ഥിയെ നിയമിക്കുകയുമാണ് മാനേജർ ചെയ്തത്. ഇത് മൂലം ചട്ടം 7(2) പ്രകാരമുള്ള 1:1 അനുപാത വ്യവസ്ഥ അട്ടിമറിക്കപ്പെട്ടു. ആയതിനാൽ ശ്രീമതി ധാനിജ വി-യുടെ 14/02/2024 മുതലുള്ള നിയമനം പരിഗണനാർഹമല്ല എന്ന് ചൂണ്ടിക്കാട്ടി ടി റിവിഷൻ അപ്പീൽ നിരസിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ഉത്തരവായി. നിലവിൽ റൂൾ 43 അവകാശി പരിത്യാഗ പത്രം സമർപ്പിച്ചു എന്നും ഭിന്നശേഷി നിയമ പ്രകാരമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്നും മാനേജർ സൂചിപ്പിക്കുന്നുണ്ട്. എന്നിരുന്നാലും എൽ.ജി. ഹിന്ദി യുടെ റഗുലർ തസ്തിക ഭിന്നശേഷി നിയമനത്തിന് ഉണ്ടായിരുന്നിട്ടും അതിൽ മറ്റൊരാളെ നിയമിക്കുകയും 12 ദിവസത്തിനു ശേഷം അധിക തസ്തികയിൽ ഭിന്നശേഷി ഉദ്യോഗാർത്ഥിയെ നിയമിക്കുകയും ചെയ്ത നടപടി ക്രമപ്രകാരമല്ല. ആയതിനാൽ ടി നിയമനം പരിഗണനാർഹമല്ല.

4) സർക്കാർ പ്രസ്തുത വിഷയം ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടേയും, കെ.ഇ.ആർ ചട്ടങ്ങളുടെയും നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കാവശ്ശേരി കെ.സി.പി.എച്ച്.എസ്.എസ്. ലെ ജൂനിയർ ഹിന്ദി അധ്യാപകനായ ശ്രീ. കൃഷ്ണൻ എൻ. 30/06/2023-ന് വിരമിച്ച ഒഴിവിലേക്ക് 14/02/2024 മുതൽ മാനേജർ ഹർജിക്കാരിയായ ശ്രീമതി ധാനിജ വി. യെ ജൂനിയർ ഹിന്ദി അധ്യാപികയായി നിയമിച്ചു. നിയമനം വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചു. മാനേജർ ഭിന്നശേഷി സംവരണം പാലിക്കുന്നതിന് വേണ്ടി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യുകയും എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും ലഭിച്ച ലിസ്റ്റ് പ്രകാരം ഒരു ഉദ്യോഗാർത്ഥിയെ 27/2/2024 ന് നിയമിക്കുകയും ചെയ്തിട്ടുണ്ട്. നിയമനം നടത്തിയിരിക്കുന്നത് എൽ.ജി ഹിന്ദിയുടെ അധിക തസ്തികയിലാണ്.

5) Ext. P8, Ext. P9, Ext. P11, Ext.P12 എന്നിവ കൂടി പരിശോധിക്കാൻ ബഹു. ഹൈക്കോടതി ഉത്തരവിട്ടതിനാൽ ആയത് കൂടി പരിശോധിച്ചു. Ext. P8, Ext. P9 പ്രകാരം ഒരു അദ്ധ്യായന വർഷത്തിന്റെ അവസാന ഘട്ടത്തിലാണ് നിയമനം നടത്തിയിട്ടുള്ളത് എന്ന കാരണത്താൽ റഗുലർ തസ്തികയിലെ നിയമനം നിരസിക്കുവാൻ പാടുള്ളതല്ല എന്നാണ് ബഹു. ഹൈക്കോടതി ഉത്തരവായത് എന്ന് കാണുന്നു.

6) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 5.6.1979-ലെ A1/69259/79 സർക്കുലർ പ്രകാരം പി.എസ്.സി നിയമനമടക്കം ഒരു അക്കാദമിക വർഷം അവസാനം, അനുവദിക്കാറില്ല. അടുത്ത അക്കാദമികവർഷം ആദ്യം മുതലാണ് നിയമനങ്ങൾ അംഗീകരിക്കുക. ആയതിനാൽ Ext. P8, Ext. P9 എന്നിവയുടെ അടിസ്ഥാനത്തിൽ ഈ കേസിൽ അക്കാദമിക വർഷാവസാനത്തിൽ നിയമിക്കുന്നത് അംഗീകരിക്കാനാകില്ല. കൂടാതെ എൽ.ജി. ഹിന്ദി യുടെ റഗുലർ തസ്തിക ഭിന്നശേഷി നിയമനത്തിന് ഉണ്ടായിരുന്നിട്ടും അധിക തസ്തികയിൽ ഭിന്നശേഷി ഉദ്യോഗാർത്ഥിയെ നിയമിക്കുകയും റഗുലർ തസ്തികയിൽ മറ്റൊരു നിയമനാർത്ഥിയെ നിയമിക്കുകയുമാണ് മാനേജർ ചെയ്തത്. ഇത് മൂലം ചട്ടം 7(2) പ്രകാരമുള്ള 1:1 പാലിക്കപ്പെട്ടിട്ടില്ല. ആയതിനാൽ പാലക്കാട് ജില്ലയിലെ കാവശ്ശേരി കെ.സി.പി. എച്ച്.എസ്.എസ്. ലെ ഹിന്ദി അധ്യാപികയായ ശ്രീമതി ധനിജ വി. യുടെ 14/02/2024 മുതലുള്ള നിയമനം അംഗീകരിക്കണമെന്ന റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ടും അപ്രകാരം ബഹു.ഹൈക്കോടതിയുടെ പരാമർശം (2) വിധിന്യായം പാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, സിവിൽ സ്റ്റേഷൻ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് ഫോർട്ട്
മാനേജർ, കെ.സി.പി.എച്ച്.എസ്.എസ്, കാവശ്ശേരി, പാലക്കാട് -678543
ശ്രീമതി.ധനിജ വി, ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി), കെ.സി.പി.എച്ച്.എസ്.എസ്, കാവശ്ശേരി, പാലക്കാട് -678543
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Pradeep Kumar. C. O**
**Date: 23-01-2026 11:20:36**
സെക്ഷൻ ഓഫീസർ